# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## 2025-26


എ.എം.എൽ.പി സ്കൂൾ ചോലയിൽമുക്ക്

മുത്തനൂർ വെസ്റ്റ്,തൃപ്പനച്ചി.പി.ഒ

Email.cholayilmukku@gmail.com




# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാ നാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിൻ്റെ ആത്യന്തികലക്ഷ്യം വ്യക്തികളുടെ .വികസനത്തിലൂടെ സാമൂഹികപുരോഗതിയാണ് നാം ലക്ഷ്യംവയ്ക്കുന്നത് വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട് . എല്ലാവരെയും കൊള്ളുന്നതും തുല്യതയുള്ള ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്തപഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ദൗത്യം.

പാഠ്യപാഠ്യേതര രംഗങ്ങളിൽ മികവു പുലർത്തിക്കൊണ്ട് ജൈത്രയാത്ര തുടരുന്ന ഈ സ്കൂൾ ഈ നാട്ടുകാരുടെ ശുഭ പ്രതീക്ഷയാണ്. മഴയും വെയിലും വകവെക്കാതെ കഠിനാദ്ധ്വാനം ചെയ്ത് ജീവിക്കുന്ന ഒരു കൂട്ടം സാധാരണക്കാരായ മനുഷ്യരുടെ സ്വപ്നക്കൂട്ടാണ് ഈ സ്കൂൾ.പിഞ്ചോമനകളെ അറിവിൻറെ ആദ്യാക്ഷരം നുകരാൻ വിദ്യാലത്തിലേക്കയക്കുന്ന ഒരു രക്ഷിതാവിൻറെ സുന്ദര സ്പനങ്ങക്കൾക്ക് വർണ്ണമേകാൻ കഴിയുന്ന പത്തോളം അധ്യാപകരും അവരുടെ കൈയ്യിൽ നിന്നും അറിവ് നുകരാൻ വരുന്ന 207 പിഞ്ചോമനകളുമാണ് ഈ സ്കൂളിൽ ഇപ്പോൾ ഉള്ളത്.

പരിമിതമായ സാഹചര്യത്തിൽ നിന്ന്കൊണ്ട് ഒരുപാട് നേട്ടങ്ങൾ കൈവരിക്കാൻ ഈ കൊച്ചു വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.സ്കൂൾ സബ്ജില്ലാ കലോത്സവത്തിൽ അറബിക്ക്മേളയിൽ തുടർച്ചയായി രണ്ടു തവണ ഓവറോൾ ഫസ്റ്റ് നേടിയിട്ടുണ്ട്.കഴിഞ്ഞതവണ ഏഴ് പേരുണ്ടായിരുന്ന എൽ.എസ്.എസ് ജേതാക്കൾ ഇത്തവണ പതിനൊന്ന് പേരായി വർദ്ധിച്ചു എന്നത് എടുത്തുപറയാവുന്ന ഒരു നേട്ടമാണ്.

ഒരു എയ്ഡഡ് വിദ്യാലയമെന്ന നിലയിൽ ഭൗതികസാഹചര്യങ്ങളിൽ ധാരാളം വെല്ലുവിളികൾ ഈ വിദ്യാലയം നേരിടുന്നുണ്ട്.എന്നാൽ മാനേജറുടെയും പി.ടി.എ.യുടേയും പൂർവ്വവിദ്യാർത്ഥികളുടെയും ഒക്കെ അകമഴിഞ്ഞസഹകരണത്താൽ ഒരു പരിധിവരെയെങ്കിലും ഇതിനെ മറികടക്കാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്.ഇത്തവണ സ്കൂളിൻ്റ അൻപതാം വാർഷികം ആഘോഷിക്കുകയാണ്.ഇതിൻ്റ ഭാഗമായി കിഡ്സ് പ്ലേ പാർക്ക് നിർമ്മിക്കാനുള്ള കഠിനപ്രയത്നത്തിലാണ് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിൻറെ പേര് | . എ.എം.എൽ.പി.സ്കൂൾ ചോലയിൽമുക്ക് |
| വിലാസം | . മുത്തനൂർ വെസ്റ്റ്,തൃപ്പനച്ചി.പി.ഒ-673641 |
| ഇ-മെയിൽ | . cholayilmukku@gmail.com |
| ഫോൺ | . 9446241691, |
| സ്കൂൾ കോഡ് | . 18203 |
| യൂഡൈസ് കോഡ് | . 32050100611 |
| ട്രഷറി | . മഞ്ചേരി.സബ്ട്രഷറി(1502-16ബി.664) |
| ETSB NO | . 715021400000117 |
| TAN NO. | . CHNA 01766C |
| വിദ്യാഭ്യാസ ജില്ല | . മലപ്പുറം |
| വിദ്യാഭ്യാസ ഉപജില്ല | . കിഴിശ്ശേരി |
| ബി.ആർ.സി. | . അരീക്കോട് |
| ഗ്രാമ പഞ്ചായത്ത് | . പുൽപ്പറ്റ |
| നിയമസഭാ മണ്ഡലം | . മലപ്പുറം |
| താലൂക്ക് | . ഏറനാട് |
| വില്ലേജ് | . പുല്പ്പറ്റ |
| ആകെ അധ്യാപകർ | . 6+2 |
| മാനേജർ | . ചോലയിൽ സൈതലവി. Phone.9446882531 |
| ഹെഡ്മാസ്റ്റർ | . സൈതലവി പറശ്ശിരി. Phone.9446241691 |
| ക്ലാസുകൾ | . പ്രീ പ്രൈമറി-ഒന്നു മുതൽ നാലുവരെ |

# അവസ്ഥാ വിശകലനം

## എ) ഭൗതിക നേട്ടങ്ങൾ

ആധുനിക കെട്ടിടം,സ്മാർട്ട് ക്ലാസുകൾ, ആധുനിക കിച്ചൺ,ഇൻറർനെറ്റ് വൈ ഫൈ സൗകര്യം, കുട്ടികളുടെ ചിന്തയെ ഉണർത്തുന്ന ചുമർ ചിത്രങ്ങൾ, വിശാലമായ ഓഫീസ് റൂം,കമ്പ്യൂട്ടർ ലാബ്,ആധുനിക പ്രീ പ്രൈമറി കെട്ടിടം,ഫാൻ സൗകര്യമുള്ള മുഴുവൻ ക്ലാസ്സ് മുറികൾ.പ്രധാന റോഡിനോട് ചേർന്ന് വിശാലമായ ഒരേക്കറിൽ പരന്ന് കിടക്കുന്ന സ്ക്കൂൾ പരിസരം,ഫിൽട്ടർ ചെയ്ത കുടിവെള്ള സൗകര്യം,ബയോഗ്യാസ് പ്ലാൻറ്.സ്ക്കൂൾ ഗ്രൗണ്ട്.

## ബി) ഭൗതിക പോരായ്മകൾ

കെട്ടിടത്തിൽ ഒന്ന് പഴയ ഓടിട്ട കെട്ടിടമാണ്.വേനൽകാലമായാൽ രൂക്ഷമായ പൊടി ശല്യം,കളി ഉപകരണങ്ങളുടെ കുറവ്,കോൺഫറൻസ് ഹാൾ അഭാവം,ജൈവ വൈവിധ്യ ഉദ്യാനം അഭാവം,വൃത്തിയുള്ളതും മേൽക്കൂരയുള്ളതുമായ സ്റ്റേജിൻറെ കുറവ്.ലബോറട്ടറി ലാബ് അസൗകര്യം,ആധുനിക കളിസ്ഥലമില്ലായ്മ.

## സി) അക്കാദമിക മികവ്

എൽ.എസ്.എസ് പരീക്ഷകളിൽ ചരിത്ര നേട്ടം,പി.ടി.എ.യുടെ നേതൃത്വത്തിൽ എല്ലാവർക്കും കമ്പ്യൂട്ടർ പഠനം,അറബിക് കലാമേളകളിൽ ഓവറോൾ നേട്ടങ്ങൾ,ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ.പരിചയ സമ്പന്നരായ അധ്യാപകർ.മികച്ച പി.ടി.എ.

## ഡി) അക്കാദമിക് പരിമിതികൾ

സ്ഥിരാധ്യാപകരെ നിയമിക്കാനുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണം ക്ലാസ്സുമുറികളിൽ കുട്ടികൾ കൂടുന്നു അതുകാരണം ചിലകുട്ടികൾ പഠനത്തിൽ പിന്നോക്കം പോകുന്നു.സ്പെഷ്യലിസ്റ്റ് അധ്യാപകർ ഇല്ലാത്തത് കാരണം ഭിന്ന ശേഷി വിദ്യാർത്ഥികളെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയുന്നില്ല. ചുരുക്കം ചില കുട്ടികളുടെ പഠനാകാര്യങ്ങളിൽ വേണ്ടത്രശ്രദ്ധചെലുത്താൻ കഴിയാതെ പ്രയാസപ്പെടുന്ന ചില രക്ഷിതാക്കൾ.

## ചുമതലകൾ

| | |
|---|---|
| ഹെഡ്മാസ്റ്റർ | . സൈതലവി പറശ്ശിരി |
| സ്റ്റാഫ് സെക്രട്ടറി | . സാലിം കെ |
| എസ്.ആർ.ജി.കൺവീനർ | . രമ്യാ.പി.വി |
| സ്ക്കൂൾ അസംബ്ലി | . ഹെഡ്മാസ്റ്റർ |
| ലൈബ്രറി ചാർജ്ജ് | . സാബിറ പി |
| ഉച്ചഭക്ഷണം ചാർജ്ജ് | . സാബിറ പി, രമ്യാ.പി.വി |
| സ്ക്കൂൾ സുരക്ഷ | . സാലിം.കെ |
| ആരോഗ്യ ശുചിത്വം | . സജീർ.വി |
| പി.എസ്.ഐ.ടി.സി | . സാബിറ പി |
| ഡോക്യുമെൻറേഷൻ | . മുർഷിദ.കെ |
| നെഴ്സറി ചാർജ്ജ് | . സജീർ.വി |
| എസ്.എസ്.ക്ലബ്ബ് | . സജീർ.വി |
| വർക്ക്എക്സപീരിയൻസ് | . സജീർ.വി |
| ഗണിത ക്ലബ്ബ് | . ഹരിത.കെ |
| സയൻസ് ക്ലബ്ബ് | . സാലിം.കെ |
| ഇംഗ്ലീഷ് ക്ലബ്ബ് | . മുർഷിദ.കെ |
| ഭാഷാ ക്ലബ്ബ് | . രമ്യാ പി.വി. |
| അറബിക് ക്ലബ്ബ് | . സാബിറ.പി |
| പരിസ്ഥിതി ക്ലബ്ബ് | . സൈതലവി പറശ്ശിരി |
| വിദ്യാരംഗം കലാസാഹിത്യം | . ഹരിത.കെ |
| സ്പോർട്സ് | . സാലിം.കെ |
| കലാമേള | . ഹരിത.കെ |
| ഭിന്ന ശേഷി ചാർജ്ജ് | . രംമ്യാ.പി.വി |

# ഉള്ളടക്കം


1. ആമുഖം

2. അടിസ്ഥാന വിവരങ്ങൾ

മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

3. മേഖല 1 : അക്കാദമികം

4. മേഖല 2 : ഇംഗ്ലീഷ് ഭാഷാ ശേഷി വികാസം

5. മേഖല 3 : ക്ലബ്ബുകൾ വ്യക്തിത്വ വികസനത്തിന്

6. മേഖല 4 : അനുഭവാധിഷ്ഠിത പഠനം ലാബിലൂടെ

7. മേഖല 5 : വായിക്കാം രചിക്കാം

8. മേഖല 6 : ഐ.ടി അധിഷ്ഠിത പഠനത്തിലേക്ക്

9. മേഖല 7 : ആരോഗ്യ കായിക വിദ്യാഭ്യാസം

10. മേഖല 8 : കലാപഠനം

11. മേഖല 9 : പ്രവൃത്തി പരിചയ പഠനം

12. മേഖല 10 : അറബിക് മധുരം അറബിക് ഭാഷ

13. ഉപസംഹാരം

## മേഖല 1 അക്കാദമികം

ഉപമേഖല : പഠനമികവ്

ലക്ഷ്യങ്ങൾ :

- പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ ശരാശരി നിലവാരത്തിലെത്തിക്കൽ
- എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പാക്കൽ.
- പഠനപ്രക്രിയയിൽ രക്ഷിതാവിന്റെ പങ്കാളിത്തം ഉറപ്പുവരുത്തൽ

പ്രവർത്തനങ്ങൾ

- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി അവരുടെ കുടുംബ പശ്ചാത്തലം അറിയുന്നു.
- ശരാശരി പഠന നേട്ടത്തിലെത്തിക്കാൻ പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി, സമയം കണ്ടെത്തി, പ്രീ ടെസ്റ്റ് നടത്തി കുട്ടികളെ കണ്ടെത്തുന്നു.
- പോസ്റ്റ് ടെസ്റ്റ് നടത്തി കുട്ടികളുടെ പഠനപുരോഗതി കണ്ടെത്തി പൊതുചടങ്ങിൽ വെച്ച് പ്രഖ്യാപനം നടത്തി അവാർഡ് നൽകുന്നു.
- എല്ലാ വെള്ളിയാഴ്ചകളിലും പ്രതിവാര എസ് ആർ ജി യോഗങ്ങളും എല്ലാ മാസവും യൂണിറ്റ് ടെസ്റ്റുകളും, അതിഥി ക്ലാസുകളും സി പി ടി എ കളും, ക്വിസ്, രചനാമത്സരങ്ങൾ, എന്നിവ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ, ഫോട്ടോകൾ എന്നിവ ഫേസ്ബുക്ക് വാട്സപ്പ് എന്നിവയിലൂടെ പ്രചരിപ്പിക്കൽ.
- വിവിധ മത്സര പരീക്ഷകൾ, സ്കോളർഷിപ്പ് പരീക്ഷകൾ എന്നിവയ്ക്ക് പ്രത്യേക പരിശീലനം.

## ധനകാര്യ വിശകലനം :

| | |
|---|---|
| വിദ്യാർത്ഥികൾക്കുള്ള ക്ലാസ്സുകൾ | 2000 |
| വിദ്യാർത്ഥികൾക്ക് മികച്ച പുരസ്കാരം | 1000 |
| പഠന സാമഗ്രികൾ തയ്യാറാക്കൽ | 3000 |
| കുട്ടികൾക്കുള്ള സർട്ടിഫിക്കറ്റുകൾ | 2000 |
| ബോധന ക്ലാസ്സുകൾ | 2000 |
| മികവുള്ളവർക്ക് പുരസ്കാരം | 2000 |
| മാതാ പിതാക്കൾക്ക് പരിശീലനം | 1000 |
| തുക | 11000 |

സ്രോതസ്

| | |
|---|---|
| എസ് എസ് എ | 3000 |
| പഞ്ചായത്ത് | 5000 |
| രക്ഷിതാക്കൾ | 2000 |
| സർക്കാർ | 3000 |
| തുക | 13000 |

## പ്രവർത്തന കലണ്ടർ

**ജൂൺ**

പ്രീ ടെസ്റ്റ് സംഘടിപ്പിക്കൽ.

മൊഡ്യൂൾ തയ്യാറാക്കൽ

**ജൂലായ്**

മൊഡ്യൂൾ വിനിമയം ആരംഭം.

**ആഗസ്റ്റ്**

അതിഥി ക്ലാസ്

മത്സര പരീക്ഷകൾക്ക് പരിശീലനം ഉദ്ഘാടനം.

**സെപ്റ്റംബർ**

വാട്സ്ആപ്പ്, ഫേസ്ബുക്ക് പ്രചരണം.

**ജനുവരി**

അതിഥി ക്ലാസ്.

പഠന യാത്രകൾ

**ഫെബ്രുവരി**

മികവ് ഫെസ്റ്റ്.

## ഇടപെടൽ 2 ഇംഗ്ലീഷ് ഭാഷാശേഷി വികാസം

ലക്ഷ്യങ്ങൾ 1 ക്ലാസിലെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കൽ

കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ നിലവാരം മെച്ചപ്പെടുത്തി എല്ലാ കുട്ടികളെയും ഇംഗ്ലീഷിൽ ആശയവിനിമയം ചെയ്യുന്നതിന് പ്രാപ്തരാക്കൽ

പ്രവർത്തനങ്ങൾ

- ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാൻ കഴിയുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം സജ്ജമാക്കൽ

ഇംഗ്ലീഷ് ഭാഷാപഠനത്തിനായി സ്കൂളിലെ എല്ലാ സാധന സാമഗ്രികൾക്കും സ്ഥലങ്ങളിലും ചെടികൾ, മരങ്ങൾ, ക്ലാസ്റൂമിലും ഇംഗ്ലീഷിൽ പേരെഴുതിയ ബോർഡ് പതിക്കുക. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആചരിക്കുന്നു. അന്ന് ഇംഗ്ലീഷ് പ്രാർത്ഥന, ക്വിസ്, പത്രവായന എന്നിവ നടത്തുന്നു. കൂടാതെ കുട്ടികളുമായി ആ ദിവസം ഇംഗ്ലീഷിൽ സംസാരിക്കുന്നു.

- തെറ്റുകൂടാതെ എഴുതാനും വായിക്കാനും എല്ലാവരെയും സജ്ജമാക്കുക.

പാഠഭാഗവുമായി ബന്ധപ്പെട്ട് ഉപയോഗിക്കാൻ കഴിയുന്ന പ്രത്യേക വർക്ക്ഷീറ്റുകൾ ഓരോ ക്ലാസിനും തയ്യാറാക്കുകയും ഇംഗ്ലീഷ് വായനാകാർഡുകൾ, ബാല പ്രസിദ്ധീകരണങ്ങൾ എന്നിവ ഇംഗ്ലീഷ് ലൈബ്രറിയിലേക്ക് ഓരോ കുട്ടിയും സംഭാവന ചെയ്യുന്നു.

ക്ലാസുകളിൽ ഇംഗ്ലീഷ് ചുമർപത്രങ്ങൾ, കഥ, കവിതാ രചന ക്ലാസുകൾ നടത്തുകയും ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുകയും ചെയ്യുന്നു.

- നാലാം ക്ലാസ് പൂർത്തിയാകുന്നതോടെ കുട്ടികളെ ഇംഗ്ലീഷിൽ സ്വതന്ത്രമായി ആശയ വിനിമയം ചെയ്യുന്നതിന് പ്രാപ്തരാക്കുക.

കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എല്ലാ അധ്യാപകർക്കും രണ്ടു ദിവസത്തെ പരിശീലനം . പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ദിവസവും തന്നെ കുട്ടികൾക്കെങ്കിലും ഇംഗ്ലീഷിൽ ക്ലാസിൽ സംസാരിക്കുന്നതിനുള്ള അവസരം , ആഴ്ചയിൽ ഒരിക്കൽ 10.00 മണി മുതൽ 1.00 മണിവരെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് (3, 4)

ധനകാര്യം

| | |
|---|---|
| ഇംഗ്ലീഷ് നാടകാവതരണം മത്സരം | 1000 |
| ഇംഗ്ലീഷ് പത്രം | 1500 |
| വർക്ക് ബുക്ക് | 5000 |
| വായനാക്കാർഡുകൾ | 500 |
| ബാല പ്രസിദ്ധീകരണങ്ങൾ | 1000 |
| ഇംഗ്ലീഷ് ലൈബ്രറി | 2000 |
| സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് | 5000 |
| ആകെ | 16000 |

സ്രോതസ്സ്

| | |
|---|---|
| പി ടി എ | 2000 |
| എസ് എസ് എ | 3000 |
| ഗ്രാമ പഞ്ചായത്ത് | 3000 |
| സ്പോൺസർ | 3000 |
| ഗവൺമെന്റ് | 5000 |
| ആകെ | 16000 |

പ്രവർത്തന കലണ്ടർ

ആഗസ്റ്റ്

ഇംഗ്ലീഷ് അസംബ്ലി ഒരുക്കൽ

ഇംഗ്ലീഷ് വർക്ക് ബുക്ക് തയ്യാറാക്കൽ

ഒക്ടോബർ

വായനാക്കാർഡുകൾ തയ്യാറാക്കൽ

ഇംഗ്ലീഷ് ബാല പ്രസിദ്ധീകരണങ്ങൾ

ഇംഗ്ലീഷ് ലൈബ്രറി സജ്ജമാക്കൽ

നവംബർ

കഥ, കവിത , രചനാക്യാമ്പ്.

ഡിസംബർ

രചനാ ക്യാമ്പ്.

കയ്യെഴുത്ത് മാഗസിനുകൾ

ഫെബ്രുവരി

ഇംഗ്ലീഷ് ഫെസ്റ്റ്.

മേഖല : 3

# ക്ലബുകൾ വ്യക്തിത്വ വികാസത്തിനായ്

ലക്ഷ്യങ്ങൾ :

- ക്ലാസ്റൂം പ്രവർത്തനങ്ങളുടെ തുടർച്ചക്കായും പ്രകടനത്തിനും പ്രയോഗത്തിനും അവസരം ഒരുക്കൽ.
- പഠന പ്രക്രിയയെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ.
- കുട്ടികളുടെ വ്യക്തിത്വ വികസനത്തിനുള്ള വേദികൾ ഒരുക്കൽ

പ്രവർത്തനങ്ങൾ

വിദ്യാലയത്തിൽ ക്ലബുകൾ രൂപീകരിക്കുക ( ശാസ്ത്രം, ഹരിതസേന, ആരോഗ്യം, ഗണിതം , ഇംഗ്ലീഷ്, വിദ്യാരംഗം )എല്ലാ കുട്ടികളും ഒരു ക്ലബിലെങ്കിലും അംഗമാവുകയും താൽപ്പര്യമുള്ള കുട്ടികൾക്ക് ഒന്നിൽ കൂടുതൽ ക്ലബിൽ അംഗത്വം നൽകാനുള്ള അവസരം നൽകുന്നു. ഓരോ ക്ലബിന്റെ യും ചുമതല ഓരോ അധ്യാപകർക്ക് വിഭജിച്ച് നൽകുന്നു. ദിനാചരണ പ്രവർത്തനങ്ങൾ ക്ലബുമായി ബന്ധിപ്പിക്കുക, എല്ലാ ക്ലബുകൾക്കും പ്രത്യേക വാർത്താബോർഡുകൾ, നോട്ടീസ്, പോസ്റ്റർ, ചുമർ പത്രങ്ങൾ, എന്നിവ തയ്യാറാക്കൽ, ക്ലബുകൾക്ക് പ്രതിദിന ചുമതലകൾ നിശ്ചയിച്ച് ക്ലബംഗങ്ങളുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്തി ഗ്രേഡ് നൽകുകയും ഏറ്റവും നല്ല ക്ലബംഗങ്ങൾക്ക് വർഷാവസാനം അവാർഡുകൾ നൽകുകയും ചെയ്യുക.

ധനകാര്യം

| | |
|---|---|
| ക്ലബ് വാർത്താ ബോർഡ് | 3000 |
| ദിനാചരണ തനത് പ്രവർത്തനങ്ങൾ | 500 |
| അവാർഡുകൾ | 1000 |
| പ്രചരണം | 2500 |
| | 7000 |

ശ്രോതസ്സ്

| | |
|---|---|
| ഗ്രാമ പഞ്ചായത്ത് | 1000 |
| എസ് എസ് എ | 1000 |
| പി ടി എ | 1000 |
| സ്പോൺസർ | 2000 |

പ്രവർത്തന കലണ്ടർ

ജൂൺ

- ക്ലബ് രൂപീകരണം
- ദിനാചരണ കലണ്ടർ
- തനത് പ്രവർത്തനങ്ങൾ
- ക്ലബ് പ്രവർത്തന കലണ്ടർ

ജൂലൈ

- ക്ലബ് ഉപദേശക സമിത് രൂപൂകരണം
- വാർത്ത ബോർഡുകൾ

മാർച്ച്

- അവാർഡുകൾ

മേഖല :

## ഉപകരണ അനുഭവാധിഷ്ഠിത പഠനം ലാബിലൂടെ

ലക്ഷ്യങ്ങൾ :

- അനുഭവത്തിലൂടെയുള്ള പഠനത്തിന അവസരം ഒരുക്കൽ
- പഠനം ലളിതവും രസകരവുമാക്കി മാറ്റൽ
- അറിവു നിർമ്മാണത്തിന അവസരം സൃഷ്ടിക്കൽ
- സ്വയം പഠനത്തിനും സൃഷ്ടിപരതക്കും കൂടുതൽ അവസരം ഒരുക്കൽ

പ്രവർത്തനങ്ങൾ

വിദ്യാലയത്തിൽ ലാബ് സജ്ജമാക്കൽ

- ഇംഗ്ലീഷ് , മലയാളം, അറബിക് എന്നീ ഭാഷകൾ സ്വായത്തമാക്കുന്നതിനാവശ്യമായ ഉദ്ഗ്രഥിതം ലാബ് സ്കൂളിൽ തയ്യാറാക്കുന്നു. ഭാഷാപഠനവുമായി ബന്ധപ്പെട്ട പുരാവ സ്തു ശേഖരണങ്ങൾ, പ്രദർശനങ്ങൾ, കഥകൾ, കവിതകൾ, ചാർട്ടുകൾ, ചിത്ര ചാർട്ടുകൾ, മഹത്വചനങ്ങൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, ശൈലികൾ, മോഡലു കൾ (പക്ഷികൾ, മൃഗങ്ങൾ)മാഗസിനുകൾ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസന്റേഷ നുകൾ എന്നിവ ഭാഷാലാബിൽ പ്രദർശിപ്പിക്കുന്നു.
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുന്നതിനുള്ള പഠനോപകരണങ്ങൾ ഭാഷാ കേളികൾക്കാവശ്യമായ സാമഗ്രികൾ എന്നിവ ലാബിൽ സജ്ജമാക്കുന്നു.

ശാസ്ത്രലാബ് സജ്ജമാക്കൽ

- വിദ്യാലയത്തിൽ ശാസ്ത്രലാബ് സജ്ജമാക്കുന്നതിനു വേണ്ടി കുട്ടികളുടെ പങ്കാളിത്തത്തോടെ പരീക്ഷണ സാമഗ്രികൾ ശേഖരിക്കുന്നു.
- കുട്ടികൾക്ക് ലഘു പരീക്ഷണങ്ങൾ ചെയ്യുന്നതിനും ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട മോഡലുകൾ, ചെടികൾ, ജീവികൾ, പൂക്കൾ എന്നിവയുടെ സ്പെസിമെൻസ്, വിവിധതരം ശേഖരണങ്ങൾ, ശാസ്ത്രജ്ഞരുടെ ഫോട്ടോ, വിവിധ ജീവി വർഗങ്ങളുടെ ചിത്രങ്ങൾ, അവയുടെ ആവാസ വ്യവസ്ഥകൾ, സീനറികൾ, എന്നിവ ലാബിൽ സജ്ജമാക്കുന്നു.

**ഗണിത ലാബ് സജ്ജമാക്കൽ**

കുട്ടികൾക്ക് ഗണിതം മൂർത്തമാക്കുന്നതിനുവേണ്ടി കുട്ടികൾക്ക് ഗണിതാശയ രൂപീകരണം നടക്കുന്നതിനുവേണ്ടി ഗണിത സാമഗ്രികൾ നിർമ്മിക്കൽ, ഗണിത കേളികളിൽ ഏർപ്പെടൽ, ക്രിയകൾ വ്യത്യസ്തരീതിയിൽ ചെയ്യുന്നതിന്റെ പ്രക്രിയാചാർട്ടുകൾ, ഗണിത ശാസ്ത്രജ്ഞരുടെ ഫോട്ടോകൾ, എന്നിവയടങ്ങിയ വിവിധ ചാർട്ടുകൾ ഗണിത ലാബിൽ പ്രദർശിപ്പിക്കുന്നു.

**ജ്യാമിതീയ നിർമ്മിതികൾ, ത്രെഡ്പാറ്റേൺ,**

മാന്ത്രിക ചതുരങ്ങൾ, സംഖ്യാപാറ്റേണുകൾ, ഗണിത പുരാവസ്തുക്കൾ എന്നിവ കുട്ടികൾ സ്വതന്ത്രമായി നിർമ്മിച്ച ഗണിതലാബിൽ പ്രദർശിപ്പിക്കാനവസരം നൽകുന്നു.

**ധനകാര്യം**

| | |
|---|---|
| വിവിധ ലാബുകൾ | 10, 000 |
| ഫോട്ടോ | 3000 |
| ചിത്രങ്ങൾ ,മോഡലുകൾ | 1000 |
| സ്പെസിമെൻസ് | 1000 |
| ലാബ് മെറ്റീരിയൽസ് | 5000 |
| ഗണിത കേളി | 1000 |
| പസിൽസ് | 1000 |
| ആകെ | 22, 000 |

**സ്രോതസ്സ്**

| | |
|---|---|
| എസ് എസ് എ | 6000 |
| പഞ്ചായത്ത് | 5000 |
| പി ടി എ | 5000 |
| സ്പോൺസർ | 6000 |
| ആകെ | 22, 000 |

പ്രവർത്തന കലണ്ടർ

സെപ്തംബർ

ഭാഷ, ശാസ്ത്രം ഫോട്ടോസ്

പോസ്റ്ററുകൾ

ലാബ് മെറ്റീരിയൽസ്

ഒക്ടോബർ

പുരാവസ്തു ശേഖരിക്കൽ

കഥ , കവിത പ്രദർശനം

ശാസ്ത്ര സ്പെസിമെൻസ്

വിവിധ ശേഖരണങ്ങൾ

നവംബർ

പഠനോപകരണ നിർമ്മാണം

മഹത് വചനം, ചൊല്ലുകൾ, ശൈലികൾ

ഡിസംബർ

വിവിധ മോഡലുകൾ

ഗണിതപാറ്റേണുകൾ

ജനുവരി

ജ്യാമിതീയ രൂപങ്ങൾ

മേഖല : 5

## ഉപമേഖല 5 വായിക്കാം രചിക്കാം

**ലക്ഷ്യങ്ങൾ :**

- എല്ലാ കുട്ടികളെയും വായനാശീലമുള്ളവരാക്കുക
- വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന അവസരം സൃഷ്ടിക്കാൻ
- രചനാപരമായ കഴിവ് വളർത്തുക.
- സാമൂഹ പങ്കാളിത്തത്തോടെ സ്കൂൾ ലൈബ്രറി വികസിക്കുക.

**പ്രവർത്തനങ്ങൾ**

- ലൈബ്രറിയിലെ പുസ്തകങ്ങളെ ക്ലാസ് നിലവാരത്തിനനുസരിച്ച് തരംതിരിച്ച് ഇനിയും വേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.
- ഒരു കുട്ടിക്ക് ഒരു വർഷം മിനിമം 50 പുസ്തകമെങ്കിലും വായിക്കാനുള്ള അവസരവും വായിച്ച പുസ്തകത്തിന്റെ അനുഭവം മറ്റുകുട്ടികളുമായി പങ്കുവെക്കാനുള്ള അവസരം സ്കൂൾ അസംബ്ലിയിൽ നൽകുന്നു. അതുപോലെ കൂടുതൽ പുസ്തകങ്ങൾ വായിച്ചതിന്റെ അടിസ്ഥാനത്തിൽ വായനക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള അവസരവും മികച്ച വായാനാകാർഡുകൾക്ക് സ്കൂൾ അസംബ്ലിയിൽ പുരസ്കാരം നൽകുന്നു.
- വായന കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഓരോ ക്ലാസിലും വായനാമൂലകളും കുട്ടികളുടെ ബ്രത്ത് ഡേ അതുപോടെ പ്രത്യേകമായി വരുന്ന ദിവസങ്ങൾ അധ്യാപകരും കുട്ടികളും ഒരു പുസ്തകം എന്ന സമ്പ്രദായം നടപ്പാക്കുന്നു. ഈ പുസ്തകം വായനാമൂലയിലേക്കും , സ്കൂൾ പൊതു ലൈബ്രറിയിലേക്കും നൽകാവുന്നതാണ്.
- എല്ലാ ക്ലാസിലും ദിനപത്രങ്ങൾ ആനുകാലിക സംഭവ വികാസങ്ങൾ, കുട്ടികളിലെത്തുന്നതിനുവേണ്ടി ദിവസവും രാവിലെ 10.30 മുതൽ 10.45 വരെ ക്ലാസ് പത്രവായന, ഈ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ പത്ര ക്വിസ് നടത്തുന്നു. വിജയിക്ക് ക്ലാസിൽ പുരസ്കാരം നൽകുന്നു.
- കുട്ടികൾക്ക് അവരുടെ സർഗാത്മക കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും കുട്ടികളുടെ അനുഭവം പങ്കുവെക്കുന്നതിനും സംശയനിവാരണത്തിനും ഒരു മികച്ച സാഹിത്യകാരനുമായി സ്കൂളിൽ ഒരു അനുഭവം.

| | |
|---|---|
| വായനാകാർഡ് | 500 |
| ബാല പ്രസിദ്ധീകരണം | 2000 |
| ദിനപത്രം | 3000 |
| സാഹിത്യാസ്വാദന ക്ലാസ് | 3000 |
| വായനാമത്സരം | 2000 |
| സ്കൂൾ ലൈബ്രറി പുസ്തകസമാഹരണം | 5000 |
| ആകെ | 15500 |

ശ്രോതസ്സ്

| | |
|---|---|
| പഞ്ചായത്ത് | 5000 |
| എസ് എസ് എ | 2000 |
| സ്പോൺസർ | 5000 |
| പി ടി എ | 3500 |
| ആകെ | 15500 |

പ്രവർത്തന കലണ്ടർ

ജൂൺ

നിലവിലെ പുസ്തകങ്ങളുടെ ലിസ്റ്റ്

ഇനിയും ആവശ്യമുള്ള പുസ്തകങ്ങളുടെ ലിസ്റ്റ്

ജൂലായ്

വായിക്കാനിത്തിരി നേരം പരിപാടി ആരംഭിക്കൽ

വായനാക്കാർഡ് തയ്യാറാക്കൽ

എല്ലാ ക്ലാസിലേക്കും ദിനപത്രം.

ആഗസ്റ്റ്

വായനാമൂലയിലേക്ക് ബാല പ്രസിദ്ധീകരണങ്ങൾ നൽകൽ

മേഖല : 6

## ഉപ മേഖല 6 ഐ ടി അധിഷ്ഠിത പഠനത്തിലേക്ക്

ലക്ഷ്യങ്ങൾ :

- എല്ലാ അധ്യാപകരെയും ഐ. ടി അധിഷ്ഠിത ബോധനത്തിന പ്രാപ്തരാക്കൽ.
- എല്ലാ കുട്ടികളെയും ഐ. ടി സാക്ഷരരാക്കുക.
- ഐ. ടി അധിഷ്ഠിതപഠനത്തിലൂടെ പഠനം ലളിതവും രസകരവുമാക്കുക.

പ്രവർത്തനങ്ങൾ

പഠന പ്രവർത്തനങ്ങൾ രസകരമാക്കുന്നതിനും ലഘൂകരിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ക്ലാസറൂമുകൾ സ്മാർട്ടാക്കുന്നു.

അധ്യാപകർക്ക് രണ്ടു ദിവസത്തെ ഐ ടി പരിശീലനം.

മലയാളം ഇംഗ്ലീഷ് ടൈപ്പ് ചെയ്യൽ.

ഫയലുകൾ ഫോൾഡറാക്കി സൂക്ഷിക്കുക

ഉപജില്ലയിലെ കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ

പാഠ ഭാഗവുമായി ബന്ധപ്പെട്ട പ്രസന്റേഷനുകൾ തയ്യാറാക്കൽ

ഇന്റർനെറ്റ്, പ്രൊജക്ടർ എന്നിവ ഉപയോഗിക്കുന്നവിധം ഐ. ടി പരിശീലനത്തിൽനിന്ന് ലഭ്യമാക്കൽ

പഠനാശയങ്ങൾ ഐ. ടി അധിഷ്ഠിതമായി അവതരിപ്പിക്കൽ

ഓരോ ക്ലാസിലും രക്ഷിതാക്കളുടെ ഒരു ഐ. ടി ഗ്രൂപ്പ് രൂപീകരിച്ച് പാഠഭാഗവുമായി ബന്ധപ്പെട്ട ഐ.ടി വിഭവങ്ങൾ തയ്യാരാക്കുന്നു.

ധനകാര്യം

| | |
|---|---|
| ഐ. ടി വിവരങ്ങൾ | 2000 |
| സ്രോതസ്സ് | |
| സ്പോൺസർ | 1000 |
| പിടി എ | 1000 |
| ആകെ | 2000 |

പ്രവർത്തന കലണ്ടർ

സെപ്റ്റംബർ

അധ്യാപക പരിശീലനം

ഒക്ടോബർ

ഐ. ടി വിവരങ്ങൾ തയ്യാറാക്കുക.

മേഖല : 7

# ആരോഗ്യകായിക വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ :

- കുട്ടികളുടെ കായികവും, മാനസികവുമായ വളർച്ച ഉറപ്പു വരുത്തൽ
- കായിക, മാനസിക വ്യായാമത്തിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കൽ
- എല്ലാ കുട്ടികൾക്കും സമ്പൂർണ്ണ കായിക ക്ഷമത ഉറപ്പു വരുത്തൽ

പ്രവർത്തനങ്ങൾ

എല്ലാ കുട്ടികൾക്കും കായിക ക്ഷമത ഉറപ്പാകാനായി ഓട്ടം ചാട്ടം എന്നിവയിലെല്ലാം പരിശീലനം നൽകുന്നു. സ്കൂളിൽ സ്പോർട്സ് മീറ്റ് നടത്തിയതിനു ശേഷം തിരഞ്ഞെടുക്കുന്നവർക്ക് പ്രത്യേക കോച്ചിംഗ് നൽകുന്നു. അതിനായി ലോങ് ജംബ് പിറ്റ്, ഹൈ ജംബ് സ്കൂളിൽ ലഭ്യമാക്കുന്നു. സ്കൂളിൽ ഒരാൾക്ക് ഇതിന്റെ  ചാർജ് നൽകുന്നു. കരാട്ടെ പോലുള്ള ആയോധനകലകളും, മാസ്ഡ്രിൽ എന്നിവക്ക് പ്രത്യേക സമയം കണ്ടെത്തി നടപ്പിലാക്കുന്നു. നിലവിൽ കരാട്ടെ പരിശീലനം ശനിയാഴ്ച്ചകളിൽ നടന്നു വരുന്നുണ്ട്.

മാനസിക വ്യായാമം ലക്ഷ്യം വെച്ച് യോഗ പരിശീലനവും സ്കൂളിൽ സംഘടിപ്പിക്കുന്നു. യോഗ പരിശീലനം സിദ്ധിച്ച ആളുടെ സഹായം ഇതിനായി തേടുന്നു. സിഡി പ്രൊജക്ടർ എന്നവ ഉൾപ്പെടുത്തി ഇതിനെ ഫലപ്രദമാക്കുന്നു.

ഗെയിംസ് പരിശീലനത്തിന്റെ ഭാഗമായി സ്കൂളിൽ ഫുട്ബോൾ, ഷട്ടിൽ. എന്നാ കോർട്ടുകൾ നിർമ്മിക്കുന്നു. എസ് എസ് എ പി ടിഎ പഞ്ചായത്ത്  ഫണ്ടുകൾ ഇതിനായി ഉപയോഗപ്പെടുത്തുന്നു. ശേഷം സ്ക്കൂൾ ബാഡ്മിന്റൺ, ഫുട്ബോൾ ടീമുകളെ വാർത്തെടുത്ത് വിവിധ ഗെയിംസ് മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. ഇതിനാവശ്യമായ ഫുട്ബോളുകളും മറ്റു കായിക ഉപകരണങ്ങളും എസ് എസ് എ , പഞ്ചായത്ത്, പി ടി എ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ ( നെഹ്റു യുവ കേന്ദ്ര) എന്നിവയിലൂടെ ലഭ്യമാക്കുന്നു. നിലവിൽ സ്ക്കൂളിൽ 5 ഫുട്ബോളുകളും 4 ബാഡ് മിന്റൺ ബാറ്റുകളും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി പ്രത്യേക യൂണിഫോമിനായി സ്കൂളിലെ നിലവിലെ ജയ്സികളെ ത്തന്നെ ഉപയോഗപ്പെടുത്തുന്നു. എല്ലാ ദിവസവും 3. 45 മുതൽ 4.30 വരെയുളള സമയവും അവധി ദിനങ്ങളിലെ കായിക ക്യാമ്പുകളും സംഘടിപ്പിച്ച് ഫലപ്രദമായ പരിശീലനം ലഭ്യമാക്കുന്നു.

കുട്ടികളുടെ കായികക്ഷമത ഉറപ്പുവരുത്താനുളള ഏറ്റവും ഫലപ്രദമായ ഒരു മാർഗ്ഗമാണ് സൈക്കിൾ പരിശീലനം. നിലവിൽ സ്ക്കൂളിൽ ഇത് ഫലപ്രദമായി നടപ്പിലാക്കി വരു

നു ഇതിനായി 2 സൈക്കിളുകളെ സ്കൂളിലുള്ളൂ. 2 സൈക്കിളുകൾ കൂടി ഉൾപ്പെടുത്തി സൈക്കിൾ പരിശീലനം വിപുലമാക്കേണ്ടതുണ്ട്. പി ടി എ, പഞ്ചായത്ത് എന്നി ഫണ്ടുകൾ ഉൾപ്പെടുത്തി ഇത് പരിഹരിക്കാവുന്നതാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ പോലെ പരിശീലനം നൽകാൻ കഴിയും എന്നതാണ് . സൈക്ലിംഗിന്റെ പ്രത്യേക.

പെൺകുട്ടികളെ പ്രത്യേകമായി പരിഗണിച്ച് എയ്റോബിക്സ് പരിശീലനവും നൽകാൻ സ്കൂളിലെ ഒരു ലേഡി അധ്യാപികക്ക് ചാർജ് നൽകി നടപ്പിലാക്കുന്നു. സ്കൂളിലെ മ്യൂസിക്കളും ഇതിനായി ഉപയോഗിക്കുന്നു.

ഈ കാലഘട്ടത്തിൽ കുട്ടികൾ നിർബന്ധമായും ആർജിക്കേണ്ട ഒന്നാണ് നീന്തൽ പാഠം. ഇതിനായി കുളങ്ങൾ, തോടുകൾ എന്നിവ കണ്ടെത്തി പരിശീലനം നൽകുന്നു. പൂർവ്വ വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും സജീവ സാന്നിധ്യം ഇതിനായി ഉറപ്പുവരുത്തേണ്ടതുണ്ട്. നീന്തൽ ഡ്രസ്സുകൾ പരിശീലനത്തിനു വേണ്ട ഉപകരണങ്ങൾ (ട്യൂബുകൾ) എന്നിവ ലഭ്യമാക്കുന്നു. പരിശീലനത്തിനായി അവധി ദിവസങ്ങളും വെക്കേഷനുകളും ഉപയോഗപ്പെടുത്തുന്നു.

കുട്ടികളുടെ കായിക ക്ഷമതയും പഴമയും കോർത്തിണക്കികൊണ്ട് സ്കൂളിൽ നാടൻ കളികളിൽ പരിശീലനം നൽകുന്നു. കുട്ടികളിൽ മൂല്യവും പഴമയുടെ മഹത്വം മനസ്സിലാക്കാനും ഈ പ്രവർത്തനങ്ങൾ സഹായിക്കുന്നു. കബടി, ഗോലികളി, ലാഹോറി, കുളം കര, മാണിക്യച്ചെമ്പഴുക്ക എന്നീ നാടൻകളികളിൽ കുട്ടികൾക്ക് ഫലപ്രദമായ പരിശീലനം ഉറപ്പാക്കുന്നു.

**സാമ്പത്തികം**

| | |
|---|---|
| ➢ കായിക ക്ഷമത ഉപകരണങ്ങൾ | 50,000 |
| ➢ കോർട്ടുകൾ നിർമ്മാണം | 2000 |
| ➢ സൈക്കിൾ | 10,000 |
| ➢ സ്പോർട്സ് ഉപകരണങ്ങൾ | 5000 |
| ആകെ | 67,000 |

**സ്രോതസ്സ്**

| | |
|---|---|
| പി ടി എ | 5000 |
| ഗവൺമെന്റ് | 62, 000 |

മേഖല : 8

# കലാപഠനം

ലക്ഷ്യം :

- കുട്ടികൾക്ക് കലാ പഠനത്തിന് അവസരം ഒരുക്കൽ
- കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾ പരിപോഷിപ്പിക്കുക
- മേളകളിൽ മികച്ച വിജയം കൈവരിക്കൽ

ക്ലാസതല പഠനപ്രവർത്തനങ്ങൾക്കൊപ്പം കുട്ടികളിലെ ബഹുമുഖ കഴിവുകൾ കണ്ടെത്തി അർഹിക്കുന്ന പരിഗണന നൽകേണ്ടതുണ്ട്. ഓരോ കുട്ടിയും അനുയോജ്യമായ സാഹചര്യങ്ങൾ ഒത്തു വരുമ്പോൾ അവനിലുള്ള നൈസർഗിക കഴിവുകൾ പുറത്തെടുക്കാൻ സാധിക്കും വിധത്തിൽ കുട്ടികളെ പ്രാപ്തരാക്കാൻ ഞങ്ങൾ തീരുമാനത്തിലെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂളിന്റെ സമീപ പ്രദേശങ്ങളിൽ വിവിധ കലകളിൽ പ്രാവീണ്യമുള്ളവരെ കണ്ടെത്തി സ്കൂൾ വാർഷികത്തിൽ അവരുടെ ഇഷ്ട മേഖല അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. തുടർന്ന് സ്കൂൾ തലത്തിൽ കലകളിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലന ക്ലാസുകൾ ബി ആർ സി തലത്തിലുള്ള കലാ അധ്യാപകരെയും മറ്റും ഉൾപ്പെടുത്തി നൽകുന്നു. ഇതിനായി അവധി ദിനങ്ങൾ പ്രയോജനപ്പെടുത്തുന്നു. സ്കൂളിൽ വെച്ച് എല്ലാ ദിവസവും ഉച്ച സമയത്ത് ക്ലാസ് തലത്തിൽ മൈക്കിലൂടെ കലാപരിപാടികൾ അവതരിപ്പിക്കാനും അവസരം നൽകുന്നു.

ഇത്തരം പ്രവർത്തനങ്ങളിലൂടെ സ്കൂൾ തലത്തിൽ മികച്ച കലാകാരന്മാരെ വാർത്തെടുക്കാനും സ്കൂൾ കലോത്സവങ്ങളിൽ മികച്ച വിജയം കൈവരിക്കാനും സാധിക്കുന്നു.

ധനകാര്യ വിശകലനം

| | | |
|---|---|---|
| സ്കൂൾതല പ്രദർശനം | | 15000 |
| കുട്ടികൾക്ക് പ്രത്യേക പരിശീലനം | | 25000 |
| | ആകെ | 40000 |

സ്രോതസ്സ്

| | | |
|---|---|---|
| പഞ്ചായത്ത് | | 15000 |
| രക്ഷിതാക്കൾ സ്പോൺസർ | | 25000 |
| | ആകെ | 40000 |

നിർവ്വഹണ കാലയളവ് 2018 - 19

## മേഖല : 9

# പ്രവൃത്തി പരിചയ പഠനം

**ലക്ഷ്യങ്ങൾ:**

- ❖ പഠനത്തോടൊപ്പം വിവിധങ്ങളായ കൈത്തൊഴിലുകളിൽ പരിശീലനം.
- ❖ പരിസര മലിനീകരണത്തിന് കാരണമായ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ ശാസ്ത്രീയ പുനരുപയോഗം.
- ❖ കുട്ടികളുടെ ചിന്ത, ഭാവന എന്നിവ വികസിപ്പിക്കാൻ അവസരമൊരുക്കൽ.

സ്കൂൾ വർഷാരംഭത്തിൽ നടക്കുന്ന പി.ടി.എ, എം.പി.ടി.എ, ജനറൽ ബോഡി യോഗത്തിൽ പ്രവർത്തി പരിചയ ഇനങ്ങളിൽ താൽപര്യമുള്ള രക്ഷിതാക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നു. അവരുടെ പരിചയത്തിലുള്ള പൂർവ്വ വിദ്യാർത്ഥികളോ നാട്ടുകാരോ ആയ മറ്റു വ്യക്തികളേയും കണ്ടെത്തുന്നു. ഇവരെ ഉൾപ്പെടുത്തി സ്കൂൾ തലത്തിൽ പ്രവൃത്തി പരിചയ ശിൽപശാല നടത്തുന്നു. പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകരുടെ സാന്നിധ്യം

ശിൽപശാലയിൽ ഉണ്ടായിരിക്കുന്നതാണ്. പഠനത്തോടൊപ്പം ഇത്തരം പ്രവർത്തനങ്ങളുടെ പ്രാധാന്യം എല്ലാവരെയും ബോധ്യപ്പെടുത്തുന്നു. ശിൽപശാലയിൽ [illegible] അവസരമൊരുക്കുന്നു.

തുടർന്ന് സ്കൂളിലെ കുട്ടികളും അധ്യാപകരും രക്ഷിതാക്കളും കൂടി പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ലക്ഷ്യത്തിൽ ഒരു ദിവസം പേപ്പർ നിർമ്മാണത്തിലേർപ്പെടുന്നു. പ്ലാസ്റ്റിക് വസ്തുക്കളുടെ ആധിക്യം മൂലം വീർപ്പുമുട്ടുന്ന പരിസ്ഥിതിയെ സംരക്ഷിക്കാൻ പ്ലാസ്റ്റിക്കിന്റെ പുനരുപയോഗ സാധ്യതകളുള്ള പ്രവർത്തനങ്ങളും ഏകദിന ശിൽപശാലയിൽ ഉൾപ്പെടുത്തുന്നു. ഇതിലൂടെ സ്കൂൾ പ്രവൃത്തി പരിചയ മേളകളിലേക്ക് കുട്ടികളെ കണ്ടെത്താനും രക്ഷിതാവിന്റെ സഹായത്താൽ മത്സരത്തിൽ നന്നായി പങ്കെടുക്കാനും സാധിക്കുന്നു. മേളകളിൽ നമ്മുടെ സാന്നിധ്യം ഉറപ്പുവരുത്താനും ഓവറോൾ എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനും ഇത്തരം ശിൽപശാലകൾ ഏറെ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ധനകാര്യ വിശകലനം:

| | |
|---|---|
| സാധന സാമഗ്രികൾ | 10000 |
| വിദഗ്ധരുടെ പരിശീലനം | 5000 |
| ആകെ | 15000 |

സ്രോതസ്സ് :

| | |
|---|---|
| പഞ്ചായത്ത് | 10000 |
| എസ്എസ്.എ | 2000 |
| പിടിഎ | 3000 |
| ആകെ | 15000 |

നിർമ്മാണ കാലയളവ് 2018-19

# അക്കാദമിക മാസ്റ്റർ പ്ലാൻ

class - 1

## ക്ലാസ് ഒന്ന്

## ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ട് കൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025-2026 അധ്യയന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# വിഷയം - മലയാളം

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.
- പല തരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- ലളിതമായ വായനകാർഡുകൾ നിർമിക്കുന്നു വായിക്കുന്നു.
- പത്രം തയ്യാറാക്കുന്നു
- സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|
| വായന | • ചിത്ര വായന<br>• വിവിധ തരം ചിത്രങ്ങൾ കാണിച്ച് വായനക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>• വായനാ മൂല ഒരുക്കൽ<br>• പത്രവായന<br>• വായന കാർഡ് തയ്യാറാക്കൽ | | | |
| ലേഖനം | • ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു<br>• സചിത്ര ബുക്ക്<br>• സംയുക്ത ഡയറി എഴുത്ത് | | | |

- ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു. ആ അക്ഷരം എഴുതുന്നു.
- ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു.
- സാങ്കല്പിക ഡയറി എഴുതുന്നു
- വരികൾ കൂട്ടിച്ചേർക്കുന്നു
- ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു.
- സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു.

# പരിസര പഠനം

## ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു
- വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു.
- പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ (നിറം ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.
- നിറം രുചി ആകൃതി മണം വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| • ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | • പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു<br>• പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | ജൂൺ<br>~~ജൂൺ~~<br>ജൂലൈ<br>ആഗസ്ത് | അധ്യാപകർ<br>വിദ്യാർത്ഥികൾ<br>രക്ഷിതാക്കൾ | |
| • ചെടികൾക്ക് വേര് തണ്ട് ഇല പൂവ് കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | • സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു<br>• പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. | സെപ്തംബർ<br>ഒക്ടോബർ<br>നവംബർ | അധ്യാപകർ<br>PTA | |

| | | | | |
|---|---|---|---|---|
| • ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു | • പച്ചക്കറികൾ, പഴങ്ങൾ കിഴങ്ങുകൾ പൂക്കൾ എന്നിവ കൊണ്ടു വരുന്നു.<br><br>• ഓരോന്നിന്റെയും ഏതു ഭാഗമാണ് ഭക്ഷണയോഗ്യം എന്നത് കണ്ടെത്തുന്നു<br>• രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. | ഡിസംബർ<br><br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | രക്ഷിതാക്കൾ<br>അധ്യാപകർ | |

# ഗണിതം

## ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ അഞ്ചുവരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
2. അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
3. 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ | കാലം | സാമഗ്രി സ്രോതസ്സ് |
|---|---|---|---|---|
| സംഖ്യാ-ബോധം | സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു. | | | |
| വലിയ സംഖ്യ ചെറിയ സംഖ്യ | 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | | | |
| സങ്കലന ക്രിയകൾ | സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ<br>സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തുന്നു.<br>ഒന്നിനോട് ഒന്ന് കൂടിയാൽ മറ്റൊരു സംഖ്യ കിട്ടും. | | | |
| ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ | ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ | | | |
| സംഖ്യാ ഗാനങ്ങൾ | സംഖ്യാ ഗാനങ്ങൾ പാടുന്നു<br>ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാകുന്നു. | | | |

| | |
|---|---|
| വർക്ക്ഷീറ്റ് | my number book തയ്യാറാക്കൽ |
| വ്യവകലന പ്രവർത്തനങ്ങൾ | സംഖ്യകൾ ഉപയോഗിച്ച് വ്യവകലന പ്രവർത്തനങ്ങൾ നടത്തുന്നു. |
| ചിഹ്നങ്ങൾ | സങ്കലനം (+)<br>വ്യവകലനം (−)<br>എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു |
| ഗണിത കിറ്റ് | ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു<br>സംഖ്യകളുടെ പകുതി, തുല്യം പ്രവർത്തനങ്ങൾ ഗണിത കിറ്റ് സഹായത്താൽ ചെയ്യുന്നു. |

# English

**Aim**

To speak read and write english without any mistakes.

| Aim | Activities | support | month | Financial Resources |
|---|---|---|---|---|
| skills | To evolve listening skills and reading skils | Parents | June | |
| | Description, growing sentences, Picture reading | | July | |
| Reading skills | Reading breaking news | | | |
| | Find words From reading meterials. | | July | |
| | Rhyming words, Describing words From Text book activities. | | August | |
| | | | September<br>october<br>November<br>December<br>January | |
| writing skills | Make word web picture description | | | |
| writing skills | word chain<br>Story telling<br>conversation<br>Riddles | | February<br>March | |

എ.എം.എൽ.പി.സ്കൂൾ ചോലയിൽമുക്ക് രണ്ടാം തരത്തിൽ പഠിക്കുന്ന കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് വേണ്ടിയാണ് ഈ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ തയ്യാരാക്കിയത്.

ക്ലാസിലെ പ്രതീക്ഷിത മാറ്റം

* അനുഭവങ്ങളും ആശയങ്ങളും ഉപയോഗിച്ച് സ്വന്തം ഭാഷയിൽ തെറ്റില്ലാതെ എഴുതുന്നതിനുള്ള കഴിവ് നേടുന്നു.

* രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘു ബാല സാഹിത്യകൃതികൾ വായിക്കുന്നതിന്

* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും കുട്ടികൾക്ക് അവസരം നൽകുന്നു.

* ഗണിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർദ്ധാരണം ചെയ്യുന്നു.

* ഇംഗ്ലീ,ഷ് വായിക്കാനും സ്വന്തമായി വാക്യങ്ങൾ നിർമ്മിക്കാനുമുള്ള കഴിവ് നേടുന്നു.

## മലയാളം

